"ഭരണഭാഷ-മാതൃഭാഷ"
**എ.എ.റഹിം മെമ്മോറിയൽ ജില്ലാ ആശുപത്രി, കൊല്ലം**
**ഫോൺ നം. 0474 - 2742004**
**Email: dhkollam@gmail.com**

തീയതി, 14.09.2023

നം.എ3-8100/23

## ലേല പരസ്യം

വിഷയം : ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് ആശുപത്രി കോമ്പൗണ്ടിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യുന്നതിന് ലേലം നടത്തുന്നത് സംബന്ധിച്ച്

സൂചന :1. GO(Rt)68/10/F&WLD dtd, 10.02.2010
2. ഉത്തരവ് നം.എസ്.എ4/2156/2021/തീയതി, 31.03.2023.
3. ഉത്തരവ് നം.എസ്.എ4/2156/2021/തീയതി, 11.09.2023

കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് ആശുപത്രി കോമ്പൗണ്ടിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യുന്നതിന് (വൃക്ഷത്തിന്റെ അവശിഷ്ടങ്ങൾ ഉൾപ്പെടെ) സൂചന (3) പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. 26.09.2023 രാവിലെ 11.30 ന് കൊല്ലം ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിൽവച്ച് പരസ്യമായി ലേലം ചെയ്യുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 1000/- രൂപയുടെ നിരത ദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിയ്ക്ക് ലേലം ഉറപ്പിച്ച് നൽകുന്നതായിരിക്കും. ലേലം ഉറപ്പിച്ച് ടി ജോലി ഏറ്റെടുത്തിരിക്കുന്ന വ്യക്തി അപ്പോൾതന്നെ ലേല തുകയുടെ 50% അടക്കേണ്ടതും ബാക്കി തുക 5 പ്രവർത്തി ദിവസത്തിനുള്ളിൽ അടക്കേണ്ടതുമാണ്. ലേലം ഉറപ്പിച്ച തുകയുടെ 18% GST തുക കൂടി ലേലം സ്വീകരിക്കുന്ന വ്യക്തി അടക്കേണ്ടതാണ്. ലേലം ഉറപ്പിച്ച് നൽകുന്ന വ്യക്തി ഒഴികെയുള്ളവർക്ക് നിരതദ്രവ്യ തുക തിരികെ നൽകുന്നതാണ്.

ലേലം ഉറപ്പിച്ച് ഉത്തരവ് ലഭിച്ച് വ്യക്തി ഉത്തരവ് തീയതിമുതൽ 10 ദിവസത്തിനകം ടി പ്രവർത്തി പൂർത്തിയാക്കാമെന്നും, ഇത് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ ചെയ്തുകൊള്ളാമെന്നും കാണിച്ചുകൊണ്ടു സൂപ്രണ്ടുമായി 200/- രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്.

വിശദ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. ലേലം സംബന്ധിച്ച അവസാന തീരുമാനം എടുക്കുന്നതിനും ആവശ്യമെങ്കിൽ വേണ്ടതായ തിരുത്തലുകളും മാറ്റങ്ങളും വരുത്തുന്നതിനുള്ള പൂർണ്ണ അധികാരം കൊല്ലം ജില്ലാ ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

**മുറിച്ച് മാറ്റേണ്ട മരങ്ങൾ**

1. പാലമരം - 1
2. പെരുമരം - 2
3. യൂക്കാലി - 2
4. പ്ലാവ് - 1
5. ബദാം - 1
6. മഞ്ചാടി - 1
7. വേപ്പ് - 1
8. അരണമരം - 1

} ആർ.എം.ഒ ക്വാർട്ടേഴ്സ് മതിൽകെട്ടിനകത്ത് നിൽക്കുന്നത്

**നിബന്ധനകൾ**

1. മരം മുറിക്കുന്ന വേളയിൽ വൃക്ഷത്തിൽ മുട്ടകളോ, കുഞ്ഞുങ്ങളോടുകൂടിയ പക്ഷി കൂടുകളോ ശ്രദ്ധയിൽപ്പെട്ടാൽ വിവരം മരം മുറിക്കുന്നതിന് മുമ്പായി വനം വകുപ്പ് അധികൃതരെ സൂപ്രണ്ട് വഴി അറിയിക്കേണ്ടതാണ്.

2. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്.

3. സമീപത്തുള്ള ആശുപത്രി കെട്ടിടങ്ങൾക്കോ, സ്ഥാവര ജംഗമ വസ്തുക്കൾക്കോ നാശനഷ്ടം ഉണ്ടാകാതെ പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. എന്തെങ്കിലും നാശനഷ്ടം ഉണ്ടാകുന്നപക്ഷം നിയമാനുസൃതമായ നഷ്ട പരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

DISTRICT HOSPITAL ★ KOLLAM-691001 ★ A.A. RAHIM MEMORIAL GOVT.

സൂപ്രണ്ട്
ജില്ലാ ആശുപത്രി, കൊല്ലം

SUPERINTENDENT
A.A. Rahim Memorial
Govt. Dist. Hospital, Kollam

14/9/23

പകർപ്പ്

1. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം( ആമുഖ കത്ത് സഹിതം)
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കൊല്ലം ( ആമുഖ കത്ത് സഹിതം)
3. ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ് ഗവ:സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
4. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൊല്ലം ഡിവിഷൻ
5. . സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കൊല്ലം
4. നോട്ടീസ് ബോർഡ്- താലൂക്കാഫീസ്/കളക്ട്രേറ്റ്/വിക്ടോറിയ ആശുപത്രി